**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 148** **05-12-2022 - ൽ മറുപടിയ്ക്ക്**

**ജയിൽ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജയിൽ വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര പെട്രോൾ പമ്പുകൾ പ്രവർത്തിച്ച് വരുന്നുണ്ടെന്ന് വിശദമാക്കുമോ; ഇവ ഏത് കമ്പനികളുടെയാണ്; അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് ജയിൽ വകുപ്പിന്റെ നിയന്ത്രണത്തിൽ 4 പെട്രോൾ പമ്പുകൾ പ്രവർത്തിച്ച് വരുന്നു. തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിലുകളിലും ചീമേനി തുറന്ന ജയിലിലും പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകൾ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ (IOC) എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടാണ് പ്രവർത്തിച്ചുവരുന്നത്. |
| (ബി) | ഈ പമ്പുകളിൽ പണിയെടുക്കുന്ന ജീവനക്കാർ ജയിൽ ശിക്ഷ അനുഭവിക്കുന്നവരാണോ; ഇവർക്ക് മാസവേതനം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ്; വിശദമാക്കുമോ; | (ബി) | ജയിലിന്റെ കീഴിലുള്ള പെട്രോൾ പമ്പുകളിൽ ജയിൽ ശിക്ഷ അനുഭവിക്കുന്ന തടവുകാരും, ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്. ഇവർക്ക് മാസവേതനം നിശ്ചയിച്ചിട്ടില്ല. ദിവസവേതനാടിസ്ഥാനത്തിലുള്ള വേതനമാണ് നൽകുന്നത്. സെൻട്രൽ ജയിലുകളിലെ തടവുകാർക്ക് ദിവസ വേതനമായി 170 രൂപയും, തുറന്ന ജയിലിലെ തടവുകാർക്ക് 230 രൂപയും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് 700 രൂപയും നൽകി വരുന്നു. പെട്രോൾ പമ്പുകളിൽ ജോലി ചെയ്യുന്ന തടവുകാരുടെ സുരക്ഷയ്ക്കായി ജയിൽ ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട് |
| (സി) | പെട്രോളിയം ഉല്പന്നം വിപണനം നടത്തി ലഭിക്കുന്ന ലാഭം ജയിൽ വകുപ്പിന്റെ ഉന്നമനത്തിന് മാത്രമായി ഉപയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ വിശദമാക്കുമോ; | (സി) | ജയിലുകളിലെ മറ്റ് വാണിജ്യ യൂണിറ്റുകളിലുള്ള ലാഭം 50% സർക്കാരിലേയ്ക്കും 50% പ്രിസൺ ഡവലപ്പ്മെന്റ് ഫണ്ടിലേയ്ക്കും നിക്ഷേപിക്കുന്നതു പോലെയാണ് പെട്രോളിയം ഔട്ട് ലെറ്റിൽ നിന്നുള്ള ലാഭവും വിനിയോഗിക്കുന്നത്. |
| (ഡി) | ജയിൽ വകുപ്പ് ഒരു കച്ചവട സ്ഥാപനത്തിന്റെ നിയമപരിധിയിൽ അല്ലാത്തതിനാൽ പമ്പുകൾ തുടങ്ങുന്നതിന് നിയമസാധ്യതയുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | തെറ്റുതിരുത്തൽ പ്രക്രിയയുടെ ഭാഗമായി ജയിൽ അന്തേവാസികൾക്ക് തൊഴിലും തൊഴിൽ പരിശീലനവും നൽകുക എന്നത് ജയിൽ വകുപ്പിന്റെ ഉത്തരവാദിത്വമാണ്. ആയതിന്റെ ഭാഗമായി വിവിധ |

| | | | |
|---|---|---|---|
| | | | വാണിജ്യ സംരംഭങ്ങളും തൊഴിൽ പരിശീലന പരിപാടികളും ജയിലുകളിൽ നടപ്പിലാക്കി വരുന്നു. തടവുകാർക്ക് തൊഴിലും തൊഴിൽപരിശീലനവും നൽകുന്നതിന്റെ ഭാഗമായാണ് പുതിയ സംരംഭം എന്ന നിലയിൽ ജയിലുകളിൽ പെട്രോളിയം ഔട്ട് ലെറ്റുകൾ സ്ഥാപിച്ചത്. |

സെക്ഷൻ ഓഫീസർ